# കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസനം–അധികാര വികേന്ദ്രീകരണം– കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(സാധാ)നം.82/97/പജ.പവ.വിവ. തിരുവനന്തപുരം, തീയതി, 13.2.1997

---

പരാമർശം:–
1. 5.12.1995–ലെ സ.ഉ.(സാധാ)537/95/പജ.പവ.വിവ.
2. 22.12.1995–ലെ സ.ഉ.(സാധാ)565/95/പജ.പവ.വിവ.
3. 11.6.1996–ലെ വിക.എ).3. 7669/94 നമ്പരിലുള്ള പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ കത്ത്.
4. 7.11.1996–ലെ പട്ടികജാതി വികസന ഡയറക്ടറുടെ പ്ലാനിംഗ്–31010/95 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നും രണ്ടും ഉത്തരവുകൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വന്നതും പിന്നീട് തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തതുമായ പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ കൈമാറ്റം ചെയ്യപ്പെട്ട ഓരോ പദ്ധതിയുടേയും നടത്തിപ്പു സംബന്ധിച്ച വിശദവും വ്യക്തവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്ന് പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും അഭ്യർത്ഥിക്കുകയും അതനുസരിച്ച് ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ ശുപാർശകൾ തദ്ദേശ ഭരണ വകുപ്പുമായി ആലോചിച്ചു പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച് ഈ ഉത്തരവിനോടു ചേർത്തിട്ടുള്ള അനുബന്ധത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

സി.ചന്ദ്രൻ
സെക്രട്ടറി

പട്ടികജാതി വികസന വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ
പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയിനത്തിലും, പദ്ധതിയിതരയിനത്തിലും 17 സ്കീമുകൾ തദ്ദേശ സ്ഥാപനങ്ങൾക്കായി കൈമാറിയിട്ടുണ്ട്.

തദ്ദേശതലത്തിൽ അവ നടപ്പാക്കാനുള്ള ഭരണാനുമതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നൽകേണ്ടതാണ്. ഭരണാനുമതിയും ബന്ധപ്പെട്ട മറ്റ് ഉത്തരവുകളും നൽകുന്നതിനാവശ്യമായ ഫണ്ടിന്റെയും ഭൗതിക ലക്ഷ്യത്തിന്റേയും വിശദാംശങ്ങൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി നടപ്പിലാക്കാനാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും സഹായങ്ങളും ജില്ലാ പട്ടികജാതി വികസന ഓഫീസർ, താലൂക്ക് പട്ടികജാതി വികസന ഓഫീസർ, ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ നൽകുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ലാത്തതിനാൽ വകുപ്പുദ്യോഗസ്ഥന്മാർ തന്നെ ചുമതല തുടർന്നും നിർവഹിക്കുന്നതാണ്.

ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർമാരുടെ (ബി.ഇ.ഒ) തസ്തിക ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുള്ള വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിനു പുറമേ ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമ പഞ്ചായത്തുകളെയും വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കാൻ ബി.ഇ.ഒ. മാർ സഹായിക്കുന്നതാണ്.

താലൂക്ക് പട്ടികജാതി വികസന ഓഫീസർമാർ താലൂക്കിലെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർമാർ നിലവിലില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ, ആ ബ്ലോക്കു പരിധിയിൽപ്പെടുന്ന പഞ്ചായത്തുകൾ എന്നീ തദ്ദേശസ്ഥാപനങ്ങളിൽ വകുപ്പിന്റെ കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതാണ്.

പദ്ധതികൾ നടപ്പാക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഉള്ള മാനദണ്ഡങ്ങൾ അതത് പദ്ധതികളുടെ വിശദീകരണത്തോടൊപ്പം നൽകിയിട്ടുണ്ട്

മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് അനർഹരായവർക്ക് സഹായം നൽകിയാൽ അപ്രകാരം തീരുമാനമെടുക്കുന്നവരിൽ നിന്നും തുക ഈടാക്കുന്നതാണ്. ഇതിനായുള്ള നടപടികൾക്കായി ഡയറക്ടർ പഞ്ചായത്ത്, ഡയറക്ടർ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ എന്നിവർക്ക് പട്ടികജാതി വികസന വകുപ്പിന്റെ ഡയറക്ടർ വിവരം നൽകുന്നതാണ്.

തദ്ദേശസ്ഥാപനങ്ങൾക്ക് ഓരോ പദ്ധതി നടത്തിപ്പിനായി നൽകുന്ന തുക അതത് പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതാണ്. ഓരോ മാസവും തുക ചെലവഴിച്ചതിന്റെ വിവരങ്ങളേയും ഭൗതീക നേട്ടങ്ങളെയും സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് അടുത്തമാസം അഞ്ചാം തീയതിക്കു മുമ്പായി നൽകേണ്ടതാണ്.

തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദമായ മാർഗ്ഗരേഖ താഴെ ചേർക്കുന്നു.

**I.** ബാലവാടികൾ (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയ്ക്കു പ്രായമുള്ള കുട്ടികളെയാണ് ബാലവാടിയിൽ പ്രവേശിപ്പിക്കുന്നത്. 1995–95–ൽ 15 ഇന പരിപാടിയിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ പദ്ധതി ഉൾപ്പെടുത്തിയതിനാൽ ബാലവാടികൾ നഴ്സറികളായി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞു. ഓരോ നഴ്സറിയിലും പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം പരമാവധി 30 ആണ്.

ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ ക്രമത്തിൽ ഉച്ച ഭക്ഷണത്തിനും റിഫ്രഷ്മെന്റിനുമായി ചെലവഴിക്കാവുന്നതാണ്.

ഒരു വർഷത്തേക്ക് 200 രൂപ വിലവരുന്ന രണ്ടു ജോടി വസ്ത്രം വീതം ഓരോ കുട്ടിക്കും നൽകാവുന്നതാണ്.

1995–96–ൽ ലോവർ കിന്റർ ഗാർട്ടൻ ആയിരുന്നതിനാൽ ആ വിദ്യാർത്ഥികളെ അപ്പർ കിന്റർ ഗാർട്ടനിലേക്ക് മാറ്റേണ്ടതും 1996 വർഷം ലോവർ കിന്റർഗാർഡനിലേക്ക് പുതുതായി കുട്ടികളെ പ്രവേശിപ്പിക്കേണ്ടതുമാണ്.

ഓരോ കുട്ടിക്കും 50 രൂപ നിരക്കിൽ വാർഷിക ലംസംഗ്രാന്റ് നൽകാവുന്നതാണ്.

അധികം വേണ്ടിവരുന്ന ഒരു ആയയേയും ടീച്ചറേയും യഥാക്രമം 500 രൂപ, 1000 രൂപ ഹോണറേറിയത്തിൽ കരാറടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് നിയമിക്കേണ്ടതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിലുള്ള ഈ തസ്തികയിൽ തുടർന്ന് ഒഴിവുകൾ ഉണ്ടാവുകയാണെങ്കിൽ ഗ്രാമ പഞ്ചായത്തുതന്നെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണ്.

നിബന്ധനകൾ

ഒഴിവുകളിൽ നിയമനം നടത്താനുള്ള അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള പരസ്യം പഞ്ചായത്ത് കാര്യാലയത്തിൽ പരസ്യം ചെയ്യേണ്ടതിനോടൊപ്പം പ്രാദേശിക പത്രത്തിലും അറിയിപ്പ് നൽകേണ്ടതാണ്.

എ. നഴ്സറി സ്കൂൾ ടീച്ചർ

വിദ്യാഭ്യാസ യോഗ്യത:

1. എസ്.എസ്.എൽ.സി
2. (അ) നഴ്സറി പരിശീലനം വിജയകരമായി പൂർത്തിയാക്കിയതായുള്ള കേരള സർക്കാരിന്റെ സർട്ടിഫിക്കറ്റ്
   അല്ലെങ്കിൽ
   (ആ) സംസ്ഥാന ശിശുക്ഷേമ സമിതി നൽകിയിട്ടുള്ള നഴ്സറി ടീച്ചർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്
   അല്ലെങ്കിൽ
   (ഇ) ഇന്ത്യൻ സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ്സ് വെൽഫെയർ നൽകിയിട്ടുള്ള ബാല സേവികാ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്
3. അഭിലഷണീയം:

ടി.ടി.സി. അല്ലെങ്കിൽ
ടി.എസ്.എൽ.സി.

പ്രായപരിധി: 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾ

നിയമനരീതി: യോഗ്യതയുള്ള ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്ത് അനുയോജ്യരായവരെ തെരഞ്ഞെടുക്കണം.

ഇന്റർവ്യൂ നടത്തുന്നത് താഴെപ്പറയുന്നവർ ഉൾപ്പെട്ട സമിതിയായിരിക്കണം.

1. പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ.
2. നഴ്സറി സ്കൂൾ ഉൾക്കൊള്ളുന്ന പ്രദേശത്തിലെ വാർഡ് മെമ്പർ
3. പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശം ഉൾക്കൊള്ളുന്ന ബ്ലോക്കിലെ/താലൂക്കിലെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (എസ്.സി.)/താലൂക്ക് പട്ടികജാതി വികസന ഓഫീസർ.

ഇന്റർവ്യൂവിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കേണ്ടതാണ്. ഇന്റർവ്യൂവിൽ തുല്യമാർക്ക് ലഭിക്കുന്നവരിൽ പട്ടികവിഭാഗക്കാരുണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണം.

ആവശ്യമായ അപേക്ഷകർ ആ പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ ഇല്ലെങ്കിൽ സമീപ പഞ്ചായത്തിലെ അപേക്ഷകളും പരിഗണിക്കാവുന്നതാണ്.

സംവരണം

ഒരിക്കലുണ്ടാകുന്ന ഒഴിവിൽ പട്ടിക വിഭാഗക്കാർക്ക് നിയമനം ലഭിക്കുന്നില്ലെങ്കിൽ അടുത്തുണ്ടാവുന്ന ഒഴിവ് പട്ടിക വിഭാഗത്തിനായി സംവരണം ചെയ്യേണ്ടതാണ്. ഒരു പഞ്ചായത്തിൽ ഒന്നിലധികം നഴ്സറി സ്കൂളുകൾ/ബാലവാടികൾ ഉണ്ടെങ്കിൽ അവിടെയുണ്ടാകുന്ന ഒഴിവുകളുടെ 50% പട്ടിക വിഭാഗത്തിനായി സംവരണം ചെയ്യേണ്ടതാണ്. സംവരണം ചെയ്യപ്പെട്ട ഒഴിവിലേക്ക് മറ്റുവിഭാഗത്തിൽ നിന്നും നിയമനം നടത്താൻ പാടില്ലാത്തതാകുന്നു.

കരാർ

തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നിശ്ചിത കാലയളവിൽ പ്രതിമാസം നിശ്ചിത നിരക്കിൽ പ്രവർത്തിച്ചു കൊള്ളാമെന്നും സ്ഥിരസേവനത്തിനു വേണ്ടി അവകാശവാദമുന്നയിക്കില്ലാ എന്നുമുള്ള കരാർ 15 രൂപ (പതിനഞ്ച് രൂപ) മുദ്ര പത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്. കരാർ കാലാവധിക്കു മുമ്പ് സേവനം അവസാനിപ്പിക്കാൻ പഞ്ചായത്തോ കരാർ വ്യക്തിയോ മൂന്നു മാസം മുൻകൂട്ടി നോട്ടീസ് നൽകേണ്ടതാണ്.

ബി. ആയ

വിദ്യാഭ്യാസ യോഗ്യത: 7-ാം ക്ലാസ് പാസ്സായിരിക്കണം

പ്രായപരിധി : 18 മുതൽ 40 വയസു വരെയുള്ള സ്ത്രീകൾ.

നിയമന രീതി : നഴ്സറി സ്കൂൾ ടീച്ചറുടെ നിയമന രീതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ (സംവരണം കരാർ ഉൾപ്പെടെ) ആയയുടെ നിയമനത്തിനും ബാധകമാണ്.

ബാലവാടികൾക്ക് 1996-97-ൽ അനുവദിക്കുന്ന തുക 1995-96-ൽ നഴ്സറികളായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങൾക്കുവേണ്ടി ചെലവഴിക്കാവുന്നതാണ്.

ഉച്ച ഭക്ഷണത്തിനുള്ള ചെലവ്, ഡ്രഗ്സ് അലവൻസ് പുതുതായി നിയമിക്കപ്പെടുന്ന ടീച്ചർമാരുടേയും ആയമാരുടേയും ഹോണറേറിയം, കെട്ടിടത്തിനാവശ്യമായ ചെലവ് എന്നിവ "പ്രീ പ്രൈമറി വിദ്യാഭ്യാസം" എന്ന ശീർഷകത്തിൽ നിന്നും മുടക്കാവുന്നതാണ്.

**II.** നഴ്സറി സ്കൂൾ (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

1995-96-ൽ നടപ്പിലാക്കിയ പ്രീ പ്രൈമറി വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് നഴ്സറി സ്കൂളുകളിൽ ലോവർ കിന്റർ ഗാർട്ടനും അപ്പർ കിന്റർ ഗാർട്ടനും ഉണ്ടായിരിക്കേണ്ടതാണ്. 1995-96-ലെ വിദ്യാർത്ഥികളെ 1996-97-ൽ അപ്പർ കിന്റർ ഗാർട്ടനിലേക്ക് മാറ്റേണ്ടതും 1996-97-ൽപുതുതായി ലോവർ കിന്റർ ഗാർട്ടനിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതുമാണ്. 1996-97-ൽ ഒരു ഡിവിഷൻ കൂടുതൽ വരുന്നതാണ്. ഒരു ആയയേയും ഒരു ടീച്ചറേയും യഥാക്രമം 500 രൂപ, 1000 രൂപ ഹോണറേറിയത്തിൽ തെരഞ്ഞെടുത്ത് നിയമിക്കേണ്ടതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിലുള്ള ഈ തസ്തികകളിൽ ഒഴിവുണ്ടാവുകയാണെങ്കിൽ "ബാലവാടികൾ" എന്ന ശീർഷകത്തിൽ പറഞ്ഞിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുറഞ്ഞത് 30 കുട്ടികളെങ്കിലും ഒരു നഴ്സറി സ്കൂളിൽ ഉണ്ടായിരിക്കണം 25% സീറ്റ് പട്ടികജാതിക്കാരല്ലാത്തവർക്ക് നീക്കി വച്ചിരിക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ നഴ്സറി സ്കൂളിലെ ഹാജർ നിലവാരം പരിശോധിക്കേണ്ടതാണ്. തുടർച്ചയായുള്ള ഏതെങ്കിലും രണ്ടുമാസ കാലയളവിൽ 50% ഹാജർ നിലവാരമില്ലെങ്കിൽ പ്രസ്തുത നഴ്സറി സ്കൂൾ തുടരുന്നത് അഭികാമ്യമായിരിക്കില്ല.

പ്രീപ്രൈമറി വിദ്യാഭ്യാസ സ്കീമിനെ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് സർക്കാർ അനുവദിച്ചിട്ടുള്ള നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നീ തസ്തികകളിലേക്കുള്ള നിയമനം ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. മുഖേന തുടർന്നും നടത്തുന്നതാണ്. ഇത്തരം വേക്കൻസികൾ തദ്ദേശ സ്ഥാപനങ്ങൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അപ്പപ്പോൾ അറിയിക്കേണ്ടതാണ്.

ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ ക്രമത്തിൽ ഉച്ചഭക്ഷണത്തിനും റിഫ്രഷ്മെന്റിനുമായി ചെലവഴിക്കാവുന്നതാണ്.

ഒരു വർഷത്തേക്ക് 200 രൂപ വിലവരുന്ന രണ്ടു ജോടി വസ്ത്രം വീതം ഓരോ കുട്ടിക്കും നൽകാവുന്നതാണ്.

ഓരോ കുട്ടിക്കും 50 രൂപ നിരക്കിൽ വാർഷിക ലംസം ഗ്രാന്റ് നൽകാവുന്നതാണ്.

ഉച്ച ഭക്ഷണത്തിനുള്ള ചെലവ്, ഡ്രഗ്സ് അലവൻസ്, പുതുതായി നിയമിക്കപ്പെടുന്ന ടീച്ചർമാരുടെയും ആയമാരുടേയും ഹോണറേറിയം, പഠനോപകരണത്തിനും കളിക്കോപ്പുകളും വാങ്ങാനുള്ള ചെലവ് കെട്ടിടത്തിനാവശ്യമായ ചെലവ് എന്നിവ "പ്രീ പ്രൈമറി വിദ്യാഭ്യാസം" എന്ന ശീർഷകത്തിൽ നിന്നും മുടക്കാവുന്നതാണ്.

കുട്ടികളുടെ ആഹാരത്തിനുള്ള ചെലവ് പതിവായുള്ള ചെലവായതിനാൽ അതു വഹിക്കുന്നതിനുള്ള ബില്ല് തദ്ദേശ സ്ഥാപന സെക്രട്ടറി മാറി നൽകേണ്ടതാണ്. തദ്ദേശ സ്ഥാപന സമിതിയുടെ അംഗീകാരം പിന്നീട് നേടിയെടുക്കാവുന്നതാണ്.

**III.** പ്രീ പ്രൈമറി വിദ്യാഭ്യാസം (പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

നിലവിലുള്ള നഴ്സറി സ്കൂൾ, ബാലവാടി എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ നഴ്സറി സ്കൂളുകളിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികളെ അയച്ച് പഠിപ്പിക്കുന്നതിനും മറ്റുമായി വിപുലമായ ഒരു സ്കീം 1995–96–ൽ ആവിഷ്ക്കരിച്ചു.

പ്രീ പ്രൈമറി വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പട്ടികജാതിക്കാരായ കുട്ടികളെ നിലവാരം പുലർത്തുന്ന സ്കൂളുകളിൽ അയച്ച് വിദ്യാഭ്യാസം നൽകുന്ന ചെലവിലേയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

സ്വകാര്യ നഴ്സറി സ്കൂളുകളിൽ കഴിഞ്ഞ വർഷം എൽ.കെ.ജിയിൽ പ്രവേശിക്കപ്പെട്ട കുട്ടികളുടെ ഈ വർഷത്തെ (യു.കെ.ജി.യിലെ) ചെലവ് തുടർന്നും വഹിക്കേണ്ടതാണ്. പരമാവധി ഒരു കുട്ടിക്ക് 2200 രൂപ പ്രതിവർഷം എന്ന നിരക്കിലാണ് തുക അനുവദിക്കുന്നത്:

നിലവാരം പുലർത്തുന്ന സ്വകാര്യ നഴ്സറികൾക്ക് പട്ടിക ജാതിയിൽപ്പെട്ട 5 കുട്ടികളെയെങ്കിലും പ്രവേശിപ്പിച്ചു വിദ്യാഭ്യാസം നൽകുകയാണെങ്കിൽ 5 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എല്ലാ വർഷവും പ്രവേശനം നൽകും എന്ന നിബന്ധനയ്ക്ക് വിധേയമായി 5000 രൂപ ഗ്രാന്റായി ഒരു പ്രാവശ്യം മാത്രം നൽകാവുന്നതാണ്. ഈ നിബന്ധന സമ്മതിച്ചുകൊണ്ടുള്ള സ്ഥാപന മേധാവിയുടെ എഴുത്ത് 15 രൂപ (പതിനഞ്ചു രൂപാ മാത്രം) മുദ്രപ്പത്ര ത്തിൽ വാങ്ങേണ്ടതാണ്. നിബന്ധന തെറ്റിക്കുകയാണെങ്കിൽ നൽകിയ തുക തിരിച്ചു പിടിക്കാനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കണം. പ്രീ പ്രൈമറി വിദ്യാഭ്യാസ പരിപാടിയുടെ അവലോകനത്തിനായി നിയമിക്കപ്പെടുന്നവർക്കുള്ള ഹോണറേറിയവും പ്രസ്തുത ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഇതിനു പുറമേ നഴ്സറി സ്കൂൾ, ബാലവാടികൾ എന്നീ സ്കീമുകളുടെ മാർഗ്ഗ നിർദ്ദേശത്തിൽ സൂചിപ്പിച്ചതു പോലെ അവിടെയുള്ള കുട്ടികളുടെ ആഹാരം, വസ്ത്രം, കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ആയ, ടീച്ചർമാർ എന്നിവരുടെ ശമ്പളം തുടങ്ങിയവയും പ്രീ പ്രൈമറി വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേയ്സ് റൂൾസിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

ജില്ലാ ആഫീസർമാർ പ്രീ പ്രൈമറി വിദ്യാഭ്യാസം, നഴ്സറി സ്കൂൾ, ബാലവാടി എന്നിവയ്ക്കുള്ള വിഹിതം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് നൽകുമ്പോൾ ഓരോ തദ്ദേശ സ്ഥാപന പരിധിയിലുള്ള നഴ്സറി സ്കൂൾ, ബാലവാടികളുടെ എണ്ണം അവയിലെ കുട്ടികളുടെ എണ്ണം, കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം ബാലവാടി ഉദ്യോഗസ്ഥരുടെ ഹോണറേറിയം എന്നിവ കണക്കിലെടുക്കേണ്ടതാണ്.

**IV.** മെട്രിക് ഹോസ്റ്റലുകൾ (നോൺ പ്ലാൻ)

(ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

വകുപ്പിന്റെ 98 പ്രീ–മെട്രിക് ഹോസ്റ്റലുകൾ അതാതു പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയ്ക്കു കൈമാറിയിട്ടുണ്ട്.

5–ാം ക്ലാസു മുതൽ 10–ാം ക്ലാസുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് ഹോസ്റ്റലിൽ പ്രവേശനം നൽകാവുന്നതാണ്. മൊത്തം സീറ്റിൽ 10% പട്ടിക ജാതിക്കാരല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാവുന്നതാണ്. എല്ലാ വർഷവും മേയ് ആദ്യവാരം അതാത് അദ്ധ്യയന വർഷത്തേക്കുള്ള ഹോസ്റ്റൽ അന്തേവാസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അതാതു ബ്ലോക്കു പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ മേലധികാരികൾ നടത്തേണ്ടതാണ്.

താലൂക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡൻ, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്.

1. തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

(i) ഓരോ ഹോസ്റ്റലിലും സാധാരണഗതിയിൽ 30 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാവുന്നതാണ്. എന്നാൽ ചില ഹോസ്റ്റലുകളിൽ സർക്കാർ ഉത്തരവിനു വിധേയമായി എണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. തലേവർഷത്തെ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടത്.

(ii) പട്ടിക ജാതിക്കാരല്ലാത്ത വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ ഏറ്റവും കുറഞ്ഞ വരുമാനമുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്.

(iii) ഓരോ ക്ലാസിലേക്കും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ താഴെപ്പറയുന്ന പ്രായപരിധി കവിയാത്തവരെ തെരഞ്ഞെടുക്കണം.

| ക്ലാസ് | പ്രായം |
|---|---|
| 5 | 12 വയസ്സ് |
| 6 | 13 " |
| 7 | 14 " |
| 8 | 15 " |
| 9 | 16 " |
| 10 | 17 " |

(iv) ഒരു ക്ലാസ്സിൽ ആദ്യ വർഷം തോൽക്കുകയാണെങ്കിൽ ഒരിക്കൽക്കൂടി പ്രവേശനം നൽകാവുന്നതാണ്. (പട്ടികജാതിക്കാരല്ലാത്ത വിദ്യാർത്ഥികൾക്ക് ഇതു ബാധകമല്ല)

2. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

ഒരു വിദ്യാർത്ഥിക്ക് ഒരു മാസത്തേക്ക് 300 രൂപ വീതം ഭക്ഷണത്തിനായി ചെലവാക്കാവുന്നതാണ്. പോക്കറ്റുമണിയായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 35 രൂപ വീതം നൽകാവുന്നതാണ്. (ഓണം, ക്രിസ്തുമസ്, വെക്കേഷനുകളിൽ വീട്ടിൽ പോയി വരുന്നതിനുള്ള യാത്രാ ബത്തയും വേനലവധിക്ക് വീട്ടിൽ പോകുന്നതിനുള്ള യാത്രാ ബത്തയും നൽകാവുന്നതാണ്. ഓരോ വിദ്യാർത്ഥിക്കും വർഷംതോറും 125 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള യൂണിഫോം വാങ്ങി വിതരണം ചെയ്യാവുന്നതാണ്. വസ്ത്ര വിതരണത്തിനുള്ള ചെലവ് അതിനായുള്ള ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

മെഡിക്കൽ അലവൻസായി ഒരു വർഷത്തേക്ക് ഓരോ ഹോസ്റ്റലിനും 750 രൂപ അനുവദനീയമാണ്.

സ്പോർട്ട്സ് ആർട്ടിക്കിൾസ് വാങ്ങുന്നതിനായി വർഷംതോറും 300 രൂപ ഹോസ്റ്റൽ ഒന്നിന് അനുവദനീയമാണ്. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്ക് നിയമാനുസരണം ഫർണീച്ചർ, പാത്രങ്ങൾ, ബെഡ്ഡ് ഷീറ്റ്, കൊതുകുവല, കമ്പിളിപ്പുതപ്പ് എന്നിവ ആവശ്യമായ അവസരങ്ങളിൽ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകേണ്ടതാണ്. ട്യൂഷൻ നൽകുന്നതിനുള്ള ചെലവ് വകുപ്പ് നേരിട്ട് വഹിക്കുന്നതാണ്.

3. അനുവദനീയമായ ജീവനക്കാരുടെ വിവരങ്ങൾ

| | | |
|---|---|---|
| വാർഡൻ | – | 1 |
| പാർട്ട് ടൈം ട്യൂട്ടർ | – | 1 |
| കുക്ക് | – | 2 |
| വാച്ചുമാൻ | – | 1 |
| പാർട്ട് ടൈം സ്വീപ്പർ | – | 1 |

ഹോസ്റ്റലിനെ സംബന്ധിച്ച ബില്ലുകൾ തയ്യാറാക്കൽ, കത്തിടപാടികൾ, രജിസ്റ്ററുകൾ സൂക്ഷിക്കൽ, മെസ്സ് നടത്തിപ്പ് സംബന്ധിച്ച ചുമതലകൾ, പണമിടപാടുകൾ തുടങ്ങി ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ എല്ലാ ചുമതലകളും വാർഡനിൽ നിക്ഷിപ്തമാണ്. വിദ്യാർത്ഥികളുടെയും മറ്റു ജീവനക്കാരുടെയും പേരിലുണ്ടാകുന്ന വീഴ്ചകൾ യഥാസമയം ബന്ധപ്പെട്ട മേലുദ്യോഗസ്ഥരെ അറിയിക്കേണ്ട ചുമതല വാർഡനിൽ നിക്ഷിപ്തമാണ്.

4. ഹോസ്റ്റൽ ചെലവുകൾ

അതത് ബ്ലോക്ക് പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ അംഗീകാരത്തോടെ സെക്രട്ടറിക്ക് ബിൽ പാസാക്കാവുന്നതും ബഡ്ജറ്റ് വിഹിതമനുസരിച്ചു തുക നൽകാവുന്നതുമാണ്. ഹോസ്റ്റലിലെ ആഹാരച്ചെലവു തുടങ്ങിയ പതിവു ചെലവുകൾക്ക് സെക്രട്ടറി ബിൽ യഥാസമയം മാറി തുക നൽകാവുന്നതും പിന്നീട് ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ അംഗീകാരം നേടാവുന്നതുമാണ്.

**(v)** വസ്ത്ര വിതരണം (നോൺ പ്ലാൻ)

(ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പ്രീ–മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് വർഷത്തിലൊരിക്കൽ 125 രൂപ വീതം വില വരുന്ന യൂണിഫോം വീതം നൽകുന്നതിന് ഗവൺമെന്റ് ഉത്തരവുണ്ട്.

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ശാഖകളിൽ നിന്ന് തുണി വാങ്ങി ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി നടപടി തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്തു തുക അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക്/കോർപ്പറേഷന് ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകേണ്ടതാണ്.

**(vi)** മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി (പ്ലാൻ)

(ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിനായി 1989–90 മുതൽ നടപ്പിലാക്കിവരുന്ന ഒന്നാണ് മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി. ഈ പദ്ധതി പ്രകാരം ബോർഡിംഗ് സൗകര്യമുള്ള സംസ്ഥാനത്തെ മെച്ചപ്പെട്ട സ്കൂളുകളിൽ നാലാം ക്ലാസ്സിൽ നല്ല മാർക്കുനേടി വരുന്ന പട്ടിക ജാതി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പ്രവേശിപ്പിച്ച് അവരുടെ 12–ാം തരം വരെയുള്ള താമസ ഭക്ഷണ ചെലവ് വകുപ്പു തന്നെ നൽകി വരികയാണ്. ഓരോ വർഷവും വർഷാന്ത്യ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചാലുടനെ ഈ പദ്ധതി പ്രകാരം

വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും (പട്ടികജാതി വിദ്യാർത്ഥികൾക്കു മാത്രം) അപേക്ഷ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും മാർക്കിന്റെ അടിസ്ഥാനത്തിൽ 25 ആൺകുട്ടികളെയും 25 പെൺകുട്ടികളെയും തെരഞ്ഞെടുക്കുകയും ചെയ്യുന്നു. കുടുംബ വാർഷിക വരുമാനം 18,000 രൂപവരെയുള്ളവരുടെ കുട്ടികൾക്കേ പ്രവേശനത്തിനർഹതയുള്ളൂ. 25–2–1990–ലെ സ.ഉ.(കൈ) നം.32/90പജ.പവ.വിവ. പ്രകാരമാണ്12,000 രൂപയിൽ നിന്നും 18,000 രൂപയാക്കി ഉയർത്തിയത്. പരമാവധി 50 കുട്ടികളെ തെരഞ്ഞെടുത്ത് പ്രവേശിപ്പിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളുടെ ലഭ്യതയ്ക്കു വിധേയമായി മാത്രമെ തെരഞ്ഞെടുപ്പു നടത്താനാവൂ.

പട്ടികജാതി വികസന ഡയറക്ടറാണ് അപേക്ഷ ക്ഷണിക്കുന്നതും തെരഞ്ഞെടുപ്പു നടത്തി കുട്ടികൾക്ക് മെമ്മോ അയച്ചു കൊടുക്കേണ്ടതും രക്ഷകർത്താക്കളുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകളും കുട്ടിയുടെ സ്കൂളധികൃതരിൽ നിന്നും ലഭിച്ച മാർക്ക്ലിസ്റ്റും പരിശോധിച്ചാണ് അർഹത നിർണ്ണയിക്കുന്നത്. തെരഞ്ഞെടുപ്പ് നടത്തിയതു സംബന്ധിച്ച ഉത്തരവ് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും സ്കൂൾ അധികൃതർക്കും അയച്ചുകൊടുക്കുന്നതുമാണ്. ബോർഡിംഗ് സൗകര്യമുള്ള സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് കുട്ടികളെ പ്രവേശിപ്പിക്കാൻ തക്കവിധം സീറ്റുകൾ ഉറപ്പാക്കി യഥാസമയം ഡയറക്ടറെ അറിയിക്കേണ്ട ചുമതല ജില്ലാ പട്ടികജാതി വികസന ഓഫീസറുടേതാണ്. തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കഴിയുന്നതും അവരുടെ താമസസ്ഥലത്തിനടുത്തുള്ള സ്കൂളുകളിലാണ് പ്രവേശനം നൽകുന്നത്. അതു സാധ്യമാകാതെ വന്നാൽ തൊട്ടടുത്ത മറ്റൊരു സ്കൂളിൽ നൽകാറുണ്ട്. കുട്ടികളെ തെരഞ്ഞെടുത്തതായിട്ടുള്ള ഉത്തരവു ലഭിച്ചാൽ രക്ഷിതാക്കൾക്ക് കുട്ടി 4–ാം ക്ലാസ്സിൽ പഠിച്ചിരുന്ന സ്കൂളിൽ നിന്നും വിടുതൽ സാക്ഷ്യപത്രം വാങ്ങി പുതിയ സ്കൂളിൽ പ്രവേശിപ്പിക്കാവുന്നതാണ്. ഇതിലേക്കു വേണ്ട സഹായം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ ചെയ്തുകൊടുക്കേണ്ടതാണ്.

എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിലവിൽ വരുന്നതോടെ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതിയുടെ പ്രയോജനങ്ങൾ കൂടുതൽ കുട്ടികൾക്ക് ലഭിക്കും. സമാന്തരമായി മറ്റൊരു പദ്ധതി ഫലത്തിൽ വരുന്നതോടെ നിലവിലുള്ള പദ്ധതി ആവശ്യമില്ലാതായി തീരുകയും അവസാനിപ്പിക്കുന്നതുമാണ്.

മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതിയിൽ കുട്ടികളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന തലത്തിലാകയാൽ ഡയറക്ടർ തന്നെ മാർക്കിന്റെ അടിസ്ഥാനത്തിലോ, പൊതു പരീക്ഷ നടത്തിയോ കുട്ടികളെ തെരഞ്ഞെടുക്കുന്ന രീതി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിലവിൽ വരുന്നതുവരെ തുടരുന്നതാണ്.

സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്ന ആദ്യ വർഷം (അഞ്ചാം ക്ലാസ്സ്) വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ഒരു വർഷം വേണ്ടിവരുന്ന ആകെ ചെലവ് രണ്ടു ഗഡുക്കളായി സ്കൂൾ അധികൃതകർക്ക് നൽകണമെന്നാണ് വ്യവസ്ഥ ഒരു ക്ലാസ്സിൽ വീണ്ടും പഠിക്കുന്നതിന് ഒരു വർഷത്തേക്കു മാത്രമെ ആനുകൂല്യത്തിന് അർഹതയുള്ളൂ. വിദ്യാർത്ഥികൾക്ക് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാ ചെലവും നൽകാൻ വ്യവസ്ഥയുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ ഉൾക്കൊള്ളുന്ന ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ആ സ്കൂളുകളിൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിനും താമസത്തിനുമുള്ള ചെലവ് ഇതിനായി നൽകിയിട്ടുള്ള ബഡ്ജറ്റിൽ നിന്നും വഹിക്കേണ്ടതാണ്.

**(vii)** ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി (പ്ലാൻ)

(ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടിക ജാതിക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് അതിർത്തിയിൽ കുറഞ്ഞത് 4 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തിയിൽ കുറഞ്ഞത് 3 സെന്റും ഭൂമി വാങ്ങുന്നതിന് 10,000 രൂപയും അതിൽ വീട് നിർമ്മിക്കുന്നതിന് 15,000 രൂപയും (മൊത്തം 25,000 രൂപ) ഗ്രാന്റായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ

ഭൂരഹിതരും പ്രതിവർഷം 8,000 രൂപയിൽ താഴെ വരുമാനമുള്ളവരും 55 വയസ്സിനു താഴെ പ്രായമുള്ളവരുമായ പട്ടികജാതിയിൽപ്പെട്ട താഴെ സൂചിപ്പിച്ചിരിക്കുന്ന രീതിയിലുള്ള കുടുംബങ്ങളിലെ ഒരംഗത്തിന് ഈ പദ്ധതി പ്രകാരം സമർപ്പിക്കാവുന്നതാണ്.

(i) വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ, മറ്റു ബന്ധുക്കളോടൊത്തോ, താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങിയ കുടുംബം.

(ii) വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ, മറ്റു ബന്ധുക്കളോടൊത്തോ, താമസിക്കുന്ന ഭാര്യയും ഭർത്താവും അവിവാഹിതരായ മക്കളും അടങ്ങിയ കുടുംബം.

(iii) വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ, മറ്റു ബന്ധുക്കളോടൊത്തോ, താമസിക്കുന്ന ഭാര്യയും/ഭർത്താവും (ഭാര്യാ ഭർത്താക്കളിൽ ഒരാൾ മരണമടയുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തശേഷം)അവരുടെ അവിവാഹിതരായ മക്കളും അടങ്ങിയ കുടുംബം.

(iv) സർക്കാരിന്റെയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ അധീനതയിലുള്ളതും പതിച്ചുകിട്ടാൻ അർഹതയില്ലാത്തതുമായ റോഡ് പുറംപോക്ക്, റെയിൽവേ പുറംപോക്ക് തുടങ്ങിയ നാലു സെന്റോ അതിൽ കുറവോ ഉള്ള ഭൂമിയിൽ താമസിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള കുടുംബങ്ങൾ.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം

അതാതു സാമ്പത്തിക വർഷത്തേക്കു അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി പുറപ്പെടുവിക്കുന്നതും അതനുസരിച്ച് ധനസഹായം ആഗ്രഹിക്കുന്നവർ നിശ്ചിത തീയതിക്കകം ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ഓരോ പ്രദേശത്തുമുള്ള ഭൂരഹിത ഭവന രഹിത കുടുംബങ്ങളുടെ എണ്ണം കണക്കാക്കി ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതും ജില്ലാ വിഹിതം വിഭജിക്കുന്നതുമാണ്. എന്നാൽ ഈ വിവരം ലഭ്യമാകുന്നതുവരെ ജനസംഖ്യാനുപാതത്തിലും ജില്ലാ പട്ടികജാതി വികസന ഓഫീസർ ഓരോ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്കുള്ള ഭൗതീക ലക്ഷ്യം നിശ്ചയിക്കുന്നതാണ്.

അർഹരായ അപേക്ഷകരുടെ ലിസ്റ്റ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി വെൽഫയർ കമ്മിറ്റിക്കു സമർപ്പിക്കുകയും ജില്ലാ പട്ടിക ജാതി വികസന

ഓഫീസറിൽ നിന്നും ലഭിക്കുന്ന ഭൗതീക ലക്ഷ്യം അനുസരിച്ച് കമ്മിറ്റി നിശ്ചിത എണ്ണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുമാണ്. തെരഞ്ഞെടുപ്പിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

മാനദണ്ഡങ്ങൾ

വാർഷിക വരുമാനം 4,000 രൂപവരെയുള്ളവർക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്, തുടർന്ന് 4,001 രൂപ മുതൽ 6,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കും 6,001 രൂപ മുതൽ 8,000 രൂപവരെ വാർഷിക വരുമാനമുള്ളവർ എന്നീ രീതിയിൽ മുൻഗണന നൽകണം.

ഒരേ വരുമാന ഗ്രൂപ്പിൽപ്പെട്ട ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ അതാത് ഗ്രൂപ്പിൽ മുൻഗണന നൽകുന്നതിന് താഴെപ്പറയുന്ന മുൻഗണനാ ക്രമം പാലിക്കേണ്ടതാണ്.

1. വിധവയോ, ഭർത്താവ് ഉപേക്ഷിക്കുകയോ ചെയ്ത കുടുംബനാഥയും അവിവാഹിതരായ മക്കളും അടങ്ങിയ കുടുംബം.

2. പെൺകുട്ടികൾ കൂടുതലുള്ള കുടുംബം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റ് തദ്ദേശസ്ഥാപന സെക്രട്ടറി കമ്മിറ്റിക്ക് നൽകേണ്ടതാണ്.

മാനദണ്ഡങ്ങളനുസരിച്ച് ഒരു പ്രതീക്ഷ പട്ടിക (വെയിറ്റിംഗ് ലിസ്റ്റ്) കൂടി കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. മറ്റുനടപടി ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ അപേക്ഷകൾ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/താലൂക്ക് പട്ടിക ജാതി വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി അർഹത ഉറപ്പുവരുത്തിയശേഷമേ സ്ഥലം വാങ്ങാനുള്ള ഉത്തരവ് നൽകാവൂ.

യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ വീടു വയ്ക്കുന്നതിന് അനുയോജ്യമായ സ്ഥലം (ഏറ്റവും കുറഞ്ഞത് കോർപ്പറേഷൻ അതിർത്തിയിൽ 3 സെന്റും പഞ്ചായത്ത് അതിർത്തിയിൽ 4 സെന്റും) കണ്ടുപിടിച്ചു നിശ്ചിത തീയതിക്കകം (ഏറിയാൽ രണ്ടു മാസത്തിനകം) പ്രമാണം ചെയ്യേണ്ടതാണ്. ഇപ്രകാരം വാങ്ങുന്ന ഭൂമിക്ക് യൂണിറ്റ് ഒന്നിന് യഥാർത്ഥ വിലയോ 10,000 രൂപയോ ഇവയിൽ കുറഞ്ഞ തുക ഏതാണോ ആയത് തദ്ദേശ സ്ഥാപനം ധനസഹായമായി നൽകേണ്ടതാണ്. ഭൂവുടമയുമായി പ്രമാണം രജിസ്റ്റർ ചെയ്യുന്ന തീയതിയിൽ ബന്ധപ്പെട്ട സെക്രട്ടറി പ്രസ്തുത തുക ഗുണഭോക്താവിനു നൽകേണ്ടതാണ്.

പ്രമാണം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത തുക സ്വീകരിക്കുമ്പോൾ ഗുണഭോക്താവ് അനുബന്ധം ഒന്നിൽ കൊടുത്തിട്ടുള്ള ഉടമ്പടി ബന്ധപ്പെട്ട സെക്രട്ടറിക്ക് 15 രൂപ വിലയുള്ള മുദ്രപത്രത്തിൽ എഴുതി കൊടുക്കേണ്ടതാണ് (രജിസ്റ്റർ ചെയ്യേണ്ടതില്ല) ഇപ്രകാരം ഭൂമി വാങ്ങിയതിന്റെ അസ്സൽ പ്രമാണം മൂന്നു വർഷത്തേക്ക് സെക്യൂരിറ്റിയായി ബന്ധപ്പെട്ട ഓഫീസർ സൂക്ഷിക്കേണ്ടതും കാലാവധിക്കുശേഷം ഗുണഭോക്താവിന് തിരികെ നൽകേണ്ടതുമാണ്.

ഇപ്രകാരം ഭൂമി വാങ്ങിയ എല്ലാ ഗുണഭോക്താക്കൾക്കും ടി വസ്തുവിൽ വീട് വയ്ക്കുന്നതിന് 15,000 രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകുന്നതാണ്. ടി തുകകൊണ്ട് അനുബന്ധ സൗകര്യമായി കക്കൂസിന്റെ പണിയും തീർത്തിരിക്കേണ്ടതാണ്. ഭവന നിർമ്മാണ ഗ്രാന്റിന്റെ ഒന്നാം ഗഡു(30%) വസ്തു പ്രമാണം ചെയ്താൽ ഉടൻതന്നെ മുൻകൂറായി നൽകാവുന്നതാണ് രണ്ടും (50%) മൂന്നും (20%) ഗഡുക്കൾ യഥാക്രമം ഭിത്തി നിരപ്പ്, മേൽക്കൂര എന്നിവ പണിതീരുന്ന മുറയ്ക്ക് ബ്ലോക്ക്

എക്സ്റ്റൻഷൻ ഓഫീസറോ/താലൂക്ക് പട്ടികജാതി വികസന ഓഫീസറോ പരിശോധിച്ച് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

**(viii)** സംയോജിത ഭവന നിർമ്മാണ ധനസഹായം (പ്ലാൻ ആന്റ് നോൺ പ്ലാൻ)

(ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

സ്വന്തമായി ഭൂമിയുള്ള കുടുംബ വാർഷിക വരുമാനം 8,000 രൂപയിൽ താഴെയുള്ള പട്ടിക ജാതിക്കാർക്ക് സംയോജിത ഭവന നിർമ്മാണത്തിന് 15,000 രൂപ അനുവദിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽ കുറഞ്ഞത് 4 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ കുറഞ്ഞത് 3 സെന്റിൽ കുറയാതെ ഭൂമിയുള്ളവർക്ക് ടി സഹായം അനുവദിക്കാവുന്നതാണ്. ഒരു നിശ്ചിത തീയതിക്കുള്ളിൽ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം (ജാതി, വരുമാനം, സ്വന്തമായി ഭൂമിയുണ്ടെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ) ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കിയിരിക്കണം. അതാതു തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം അർഹതയുള്ളവരുടെ ലിസ്റ്റു തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി തദ്ദേശ സ്ഥാപന സമിതികൾക്ക് നൽകേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഓരോ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിയിലുള്ള പട്ടിക ജാതിക്കാരുടെ ജനസംഖ്യ കണക്കിലെടുത്ത് ആനുപാതികമായി ഭൗതീക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും നിജപ്പെടുത്തി ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയെ അറിയിക്കുന്നു.

**(ix)** പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളുട വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതി (പ്ലാൻ)

(ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

പട്ടികജാതിക്കാരിൽ തന്നെ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന നായാടി, വേടൻ, കരിമ്പാലൻ, മാവിലൻ, കസർഗോഡ് പ്രദേശത്തുള്ള വേട്ടുവൻ എന്നിവരുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ വിഭാഗക്കാർ കൂടുതലായുള്ള തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്.

ഭൂരഹിതരും ഭവനരഹിതരുമായ ഈ വിഭാഗത്തിലെ കുടുംബങ്ങൾക്ക് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും അതിൽ വീട് വയ്ക്കുന്നതിനുമായി 30,000 രൂപ അനുവദിക്കുന്നു. ഇതിനു പുറമെ ഈ കുടുംബങ്ങൾക്ക് മറ്റു വകുപ്പുകളുടെ പ്രത്യേക ഘടക പദ്ധതിയിൽ നിന്നും ആവശ്യമായ സഹായങ്ങളും നൽകേണ്ടതാണ്.

ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചു തന്നെയാണ് ഈ പദ്ധതിയും നടപ്പിലാക്കേണ്ടത്.

പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി അപേക്ഷകൾ ശേഖരിക്കേണ്ടതും പരിശോധനയ്ക്കു ശേഷം അർഹമായ അപേക്ഷകരുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്കു നൽകേണ്ടതുമാണ്.

തദ്ദേശ പ്രദേശങ്ങളിലെ ഈ വിഭാഗക്കാരുടെ ഭൂരഹിത ഭവനരഹിതരുടെ എണ്ണം അനുസരിച്ച് ജില്ലാ പട്ടികജാതി വികസന ആഫീസർ വിഹിതം വിഭജിച്ച് നൽകുന്നതാണ്.

(x) പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ)

(ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

വാർഷിക വരുമാനം 8,000 രൂപവരെയുള്ള പട്ടികജാതിക്കാരുടെ നിലവിലുള്ള വീടുകളിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കക്കൂസ് കുളിമുറി എന്നിവ നിർമ്മിക്കുക(1,8000 രൂപ) പുകയില്ലാത്ത അടുപ്പു സ്ഥാപിക്കുക (150 രൂപ) വീട് വയറിംഗ് നടത്തുക (400 രൂപ), വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അടിത്തറ കെട്ടി ബലപ്പെടുത്തി ഓടകൾ നിർമ്മിക്കുക (300 രൂപ), പൈപ്പ് ലൈൻ നീട്ടി കണക്ഷൻ എടുക്കുക (500 രൂപ) എന്നീ ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്. ഇതിലേക്കാവശ്യമായ അപേക്ഷകൾ ജാതി, വരുമാനം, അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമായിട്ടുള്ള വിവരം എന്നിവ രേഖപ്പെടുത്തി അതാത് ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതം ജില്ലാ പട്ടികജാതി ഓഫീസർ നിശ്ചയിക്കുന്നതാണ്. തദ്ദേശ സമിതി ഗുണഭോക്താക്കളെ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുത്തു ആനുകൂല്യം അനുവദിക്കാവുന്നതാണ്.

മാനദണ്ഡങ്ങൾ

വാർഷിക വരുമാനം 4,000 രൂപവരെയുള്ളവർക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്. തുടർന്ന് 4,001 രൂപ മുതൽ 6,000 രൂപ വരെ വാർഷിക വരുമാനമുള്ളവർ എന്നീ രീതിയിൽ മുൻഗണന നൽകണം.

ഒരേ വരുമാന ഗ്രൂപ്പിൽപ്പെട്ട ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ അതാത് ഗ്രൂപ്പിൽ മുൻഗണന നൽകുന്നതിന് താഴെപ്പറയുന്ന മുൻഗണനാ ക്രമം പാലിക്കേണ്ടതാണ്.

1. കുടിവെള്ളം ലഭ്യമാക്കുന്നതിന് മാത്രമുള്ള അപേക്ഷകൾ.
2. കക്കൂസ് നിർമ്മാണത്തിനു മാത്രമുള്ള അപേക്ഷകൾ.
3. കക്കൂസും കുളിമുറിയും നിർമ്മിക്കാൻ മാത്രമുള്ള അപേക്ഷകൾ.
4. വീട് വയറിംഗിന് മാത്രമുള്ള അപേക്ഷകൾ.
5. അടിത്തറ ബലപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റ് തദ്ദേശസ്ഥാപന സെക്രട്ടറി കമ്മിറ്റിക്ക് നൽകേണ്ടതാണ്. കമ്മിറ്റി മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ അപേക്ഷകരെ തെരഞ്ഞെടുക്കേണ്ടതാണ്.

ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ അപേക്ഷകൾ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/ താലൂക്ക് പട്ടികജാതി വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി അർഹത ഉറപ്പുവരുത്തിയ ശേഷം ഗുണഭോക്താവിന് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സെക്രട്ടറി നൽകാവുന്നതാണ്. അനുവദിക്കപ്പെട്ട കാര്യത്തിനുതന്നെ തുക വിനിയോഗിക്കുന്നു എന്ന കാര്യം ഉറപ്പു വുരത്തേണ്ടതാണ്.

**(xi)** തീവ്ര സങ്കേത വികസന പരിപാടി (പ്ലാൻ)

(ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളതും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതുമായ സങ്കേതങ്ങൾ തെരഞ്ഞെടുത്ത് അവിടെ തീവ്രവികസന പരിപാടികൾ നടപ്പാക്കി സങ്കേതത്തിന്റെ പിന്നോക്കാവസ്ഥയ്ക്കു മാറ്റം വരുത്തുക എന്നതാണ് പദ്ധതി ലക്ഷ്യം.

സംസ്ഥാനത്തിനും ഓരോ ജില്ലയ്ക്കും വർഷം തോറും എത്ര സങ്കേതങ്ങളെ പദ്ധതിയിലുൾപ്പെടുത്തണമെന്ന് ഗവൺമെന്റ് ഓരോ വർഷവും തീരുമാനിക്കുകയും അതാത് ജില്ലാ കളക്ടർമാരെ അറിയിക്കുകയും ചെയ്യും തീവ്ര വികസന സങ്കേതങ്ങൾ തെരഞ്ഞെടുക്കാനുള്ള ജില്ലാതല സമിതി പട്ടികജാതി ജനസംഖ്യാനുപാതികമായി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നു.

കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ളതും ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള സങ്കേതമായിരിക്കണം പരിഗണിക്കേണ്ടത്. വീട് കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതി, റോഡ് എന്നീ സൗകര്യങ്ങളിൽ എല്ലാമോ ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ലഭ്യമല്ലാത്ത സങ്കേതമാണ് തെരഞ്ഞെടുക്കേണ്ടത്.

തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങൾക്ക് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്രത്യേക വികസന സഹായ നിധിയിൽ നിന്നും കഴിയുന്നിടത്തോളം തുക തീവ്രവികസന സങ്കേതങ്ങളിൽ ചെലവഴിക്കണം. അതുപോലെ ഗ്രാമ വികസന വകുപ്പിന്റെ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും തീവ്ര വികസന സങ്കേതങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. പക്ഷേ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത അത്തരം പദ്ധതികളും ഫണ്ടും ഉറപ്പാക്കിയശേഷമേ കർമ്മപരിപാടിയിൽ ഉൾക്കൊള്ളിക്കാവൂ.

സങ്കേതത്തിന്റെ തെരഞ്ഞെടുപ്പ് കർമ്മ പരിപാടി തയ്യാറാക്കൽ എന്നീ കാര്യങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തിയാക്കിയാൽ മാത്രമേ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

തീവ്ര സങ്കേത വികസന പരിപാടിയുടെ മോണിറ്ററിംഗ്, ജില്ലാ ആസൂത്രണ കമ്മിറ്റി ചെയർമാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ എല്ലാ മാസവും അവലോകനം ചെയ്യേണ്ടതാണ്.

**(xii)** പുര കെട്ടിമേയുന്നതിനുള്ള ധനസഹായം (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

4,000 രൂപയ്ക്കു താഴെ വാർഷിക വരുമാനവും സ്വന്തമായി ഓലമേഞ്ഞ വീടുമുള്ള പട്ടികജാതിക്കാർക്കാണ് ടി ധനസഹായം അനുവദിക്കുന്നത്. ഒരു നിശ്ചിത തീയതിക്കുള്ളിൽ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സ്വീകരിക്കുന്നു. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ ജാതി, വരുമാനം (റവന്യൂ അധികാരികളിൽ നിന്നു മാത്രം) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റു സഹിതം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കാണ് സമർ പ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കണം. ലിസ്റ്റ് തയ്യാറാക്കുന്നത് താഴെപ്പറയുന്ന വിധത്തിലായിരിക്കണം.

1. വാർഷിക വരുമാനം 3,000 രൂപവരെയുള്ളവർക്ക് ഒന്നാം പരിഗണന നൽകണം.
2. 3,001 രൂപ മുതൽ 4,000 രൂപവരെയുള്ളവർക്ക് അടുത്ത് പരിഗണന നൽകുന്നു.

ഓരോ വരുമാന ഗ്രൂപ്പിലും അനേകം അപേക്ഷകരുണ്ടെങ്കിൽ കഴിഞ്ഞ വർഷം പ്രസ്തുത ധനസഹായം ലഭിക്കാത്തവർക്ക് മുൻഗണന നൽകണം.

വിവിധ ഗ്രാന്റ് പദ്ധതികളായ ഓലമേച്ചിൽ ഗ്രാന്റ്, ഓട് മേച്ചിൽ ഗ്രാന്റ്, യാത്രാബത്താ ഗ്രാന്റ്, കിണർ നിർമ്മിക്കാനുള്ള ഗ്രാന്റ്, ഡിസ്ക്രീഷനറി ഗ്രാന്റ് എന്നിവയ്ക്കായി നൽകുന്ന വിഹിതം പഞ്ചായത്തുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക്/കോർപ്പറേഷനുകൾക്ക് മൊത്തമായി നൽകുന്നതാണ്. ഇങ്ങനെ സ്വരൂപിക്കുന്ന ഫണ്ടിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾ മേൽപറഞ്ഞ ആവശ്യങ്ങൾക്കുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഓരോ ആവശ്യത്തിനും/ പദ്ധതിക്കും എത്രത്തോളം തുക വിനിയോഗിക്കാമെന്ന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൂട്ടി തീരുമാനിക്കുന്നത് ഉചിതമായിരിക്കും.

ജില്ലാ പട്ടികജാതി വികസന ആഫീസർ മേൽപറഞ്ഞ സ്കീമുകളുടെ ആകെത്തുക ജനസംഖ്യാനുപാതികമായി പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയ്ക്ക് വിഭജിച്ച് നൽകേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന ഭൗതീക ലക്ഷ്യം അനുസരിച്ച് ലഭ്യമായ അപേക്ഷകളുടെ മുൻഗണനാ ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ അതാത് സ്ഥാപനത്തിന്റെ സമിതിയിൽ അവതരിപ്പിച്ച് അർഹരായവരെ തെരഞ്ഞെടുക്കാവുന്നതും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിശ്ചിത ഫോറത്തിലുള്ള ഉടമ്പടി എഴുതി വാങ്ങിയശേഷം തുക വിതരണം ചെയ്യാവുന്നതാണ്. പുനഃരന്വേഷണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരാൾ അർഹനല്ലെങ്കിൽ പകരം ആളിന് നൽകാൻ ഒരു കരുതൽ ലിസ്റ്റ്കൂടി തയ്യാറാക്കേണ്ടതാണ്.

**(xiii)** വീട് ഓട് മേയുന്നതിനുള്ള ധനസഹായം (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

8,000 രൂപയ്ക്കു താഴെ വാർഷിക വരുമാനവും സ്വന്തമായി വീടുമുള്ള പട്ടികജാതിക്കാർക്കാണ് ടി ധനസഹായം അനുവദിക്കുന്നത്. ഈ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പുകളിൽ നിന്നോ ധന സഹായം ലഭിച്ചു നിർമ്മിച്ച വീടുകൾക്ക് ടി ധന സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വീട് ഓടിടുന്നതിന് 2,500 രൂപയും മേൽക്കൂര ബലപ്പെടുത്തി ഓടിടുന്നതിന് 3,000 രൂപയും അനുവദിക്കുന്നു. ഒരു നിശ്ചിത തീയതിക്കുള്ളിൽ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സ്വീകരിക്കുന്നു. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ ജാതി, വരുമാനം, (റവന്യൂ അധികാരികളിൽ നിന്നു മാത്രം) വീട് ഓടിടുന്നതിന് അനുയോജ്യമായ മേൽക്കൂരയുണ്ട് (താലൂക്ക് പട്ടിക ജാതി വികസന ഓഫീസർ/ ബ്ലോക്ക് എക്സ്റ്റൻഷൻ ആഫീസറിൽ നിന്നും) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റു സഹിതം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്ക് സമർപ്പിക്കണം.

വിവിധ ഗ്രാന്റ് സ്കീമുകൾക്ക് ലഭിക്കുന്ന സ്വരൂപിച്ച വിഹിതത്തിന്റെ ലഭ്യതയും തദ്ദേശ സ്ഥാപനത്തിന്റെ ഈ സ്കീമിനുള്ള സാധ്യതയും പരിഗണിച്ച് തദ്ദേശ സ്ഥാപന സമിതി ഭൗതിക ലക്ഷ്യം നിശ്ചയിക്കണം.

തെരഞ്ഞെടുക്കുന്ന വിധം

ലഭ്യമാകുന്ന അപേക്ഷകരുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുന്നത് താഴെപ്പറയുന്ന വിധത്തിലായിരിക്കണം.

മാനദണ്ഡങ്ങൾ

വാർഷിക വരുമാനം 4,000 രൂപ വരെയുള്ളവർക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്. തുടർന്ന് 4,001 രൂപ മുതൽ 6,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കും 6,001 രൂപ മുതൽ 8,000 രൂപ വരെ വാർഷിക വരുമാനമുള്ളവർ എന്നീ രീതിയിൽ മുൻഗണന നൽകണം.

ഒരേ വരുമാന ഗ്രൂപ്പിൽപ്പെട്ട ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ അതാത് ഗ്രൂപ്പിൽ മുൻഗണന നൽകുന്നതിന് താഴെപ്പറയുന്ന മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

1. ഭവന നിർമ്മാണത്തിന് മുൻ വർഷത്തിൽ ഗ്രാന്റ് ലഭിക്കാത്ത കുടുംബം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റ് തദ്ദേശ സ്ഥാപന സെക്രട്ടറി കമ്മിറ്റിക്ക് നൽകേണ്ടതാണ്.

ഇത്തരത്തിൽ തയ്യാറാക്കുന്ന ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ സമർപ്പിക്കുകയും സമിതി ഭൗതീക ലക്ഷ്യം അനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുമാണ്. ഇതിനു പുറമേ ഒരു കരുതൽ ലിസ്റ്റു കൂടി സമിതി തയ്യാറാക്കുന്നതാണ്. ഗുണഭോക്താവിന് തുക നൽകുന്നതിനുമുമ്പ് ബ്ലോക്ക് എക്സ്റ്റൻഷൻ ആഫീസർ/താലൂക്ക് പട്ടികജാതി വികസന ആഫീസർ അർഹത പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റിൽ നിന്നും ഭൗതിക ലക്ഷ്യം കണക്കാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. അർഹനായ ഗുണഭോക്താവ് പതിനഞ്ചു രൂപ വിലയ്ക്കുള്ള മുദ്ര പത്രത്തിൽ ഒരു ബോണ്ട് എഴുതി സമർപ്പിക്കേണ്ടതാണ്. ധനസഹായം ഒന്നോ രണ്ടോ ഗഡുക്കളായി നൽകാവുന്നതാണ്. തുകയുടെ വിനിയോഗം ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ/താലൂക്ക് പട്ടികജാതി വികസന ഓഫീസർ എന്നിവർ നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

**(xiv)** കിണറുകളും ശുദ്ധജല വിതരണ പദ്ധതിയും (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

കോളനികളിലും സങ്കേതങ്ങളിലും ശുദ്ധജലം ലഭ്യമാക്കാനായി സൗകര്യപ്രദമായ സ്ഥലത്ത് പൊതു കിണറുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ട്. ശുദ്ധജലം ലഭ്യമല്ലാത്ത ഡിപ്പാർട്ടുമെന്റു വക കോളനികളിലോ പട്ടികജാതിയിൽപ്പെട്ട 10 കുടുംബങ്ങളിൽ കുറയാത്ത സങ്കേതങ്ങളുമായിരിക്കണം ഇതിനായി തെരഞ്ഞെടുക്കേണ്ടത്. ബ്ലോക്കിലെയോ, പി.ഡബ്ലിയൂ.ഡി. യിലെയോ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റും ഡിപ്പാർട്ടുമെന്റു കോളനിയാണെങ്കിൽ പൊതു സ്ഥലം ഉണ്ടെങ്കിൽ ടി സ്ഥലത്തോ പട്ടികജാതി സങ്കേതങ്ങളാണെങ്കിൽ കിണർ കുഴിക്കുന്നതിന് കുറഞ്ഞത് മൂന്ന് സെന്റ് സ്ഥലം ടി ആവശ്യത്തിന് വിട്ടു കൊടുക്കാൻ തയ്യാറാണെന്നു കാണിക്കുന്ന വസ്തു ഉടമയിൽ നിന്നുമുള്ള സമ്മത പത്രം സഹിതം അപേക്ഷ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറിക്കാണ് നൽകേണ്ടത്. ലോക്കൽ ബോഡിയുടെ സമിതി അപേക്ഷ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകാവുന്നതാണ്. വസ്തു ഉടമയിൽ നിന്നും സ്ഥലം തദ്ദേശ സ്ഥാപനത്തിന് സറണ്ടർ ചെയ്തു വാങ്ങുന്നതിനുള്ള നടപടിയും സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. അനുവദിച്ചു കിട്ടുന്ന കിണറിന്റെ പണി നിശ്ചിത സമയ

പരിധിക്കുള്ളിൽ തന്നെ എസ്റ്റിമേറ്റ് നൽകുന്ന എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുന്നതിന് സെക്രട്ടറി ശ്രദ്ധിച്ചിരിക്കേണ്ടതാണ്.

**(xv)** യുക്തിസഹമായ ധനസഹായം (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

പകർച്ചവ്യാധി, തീപിടിത്തം, പ്രകൃതിക്ഷോഭം തുടങ്ങിയവമൂലം കഷ്ടത അനുഭവിക്കുന്ന സാധുക്കളായ പട്ടികജാതിക്കാർക്ക് പരമാവധി 100 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. തദ്ദേശ സ്ഥാപനത്തിനു ലഭിക്കുന്ന സ്വരൂപിച്ച ഗ്രാന്റ് വിഹിതത്തിൽ നിന്ന് ഇതിനായുള്ള തുക വിനിയോഗിക്കാവുന്നതാണ്.

**(xvi)** ഉദ്യോഗാർത്ഥികൾക്ക് കൂടിക്കാഴ്ചയ്ക്കും എഴുത്തു പരീക്ഷകൾക്കും പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത (നോൺ പ്ലാൻ)

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേക്ക് ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലം വരെ പോയി മടങ്ങിവരുവാൻ യാത്രാ ഇനത്തിൽ വേണ്ടി വരുന്ന തുക. (ബസ്സ് ചാർജ്ജോ, റയിൽവേ ചാർജ്ജോ) നൽകുന്നതാണ്. ആയതിലേക്ക് വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയൊടൊപ്പം ജാതി സർട്ടിഫിക്കറ്റും, ഇന്റർവ്യൂവിന് ഹാജരായ സ്ഥാപനത്തിന്റെ മേധാവിയിൽ നിന്ന് പ്രസ്തുത ഇന്റർവ്യൂവിന് ഹാജരായിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റും സഹിതം അതാതു പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾ അപേക്ഷ ലഭിച്ച തീയതി പ്രകാരമുള്ള മുൻഗണനാക്രമത്തിൽ അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**(xvii)** വിവാഹം, ചികിത്സാ എന്നിവയ്ക്ക് ധനസഹായം (പ്ലാൻ)

***(എ) സാധുക്കളായ പട്ടികജാതിക്കാരുടെ പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം***

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

വാർഷിക വരുമാനം 8,000 രൂപയിൽ കവിയാത്ത പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 2,000 രൂപ ധനസഹായമായി നൽകുന്നു. വിവാഹ തീയതിക്കു ഒരു മാസം മുൻപെങ്കിലും നിശ്ചിത ഫാറത്തിൽ ജാതി, വരുമാനം, വിവാഹം ഇന്ന തീയതിക്കു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു കാണിക്കുന്ന സ്ഥലത്തെ പഞ്ചായത്തു പ്രസിഡന്റിൽ നിന്നോ, സാമുദായിക സംഘടനയിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

നിലവിലുള്ള നിയമമനുസരിച്ച് നിശ്ചയിച്ചിട്ടുള്ള നാലു ഗ്രൂപ്പുകളിൽ നിന്നും മുൻഗണനാ ക്രമത്തിലാണ് ഗുണഭോക്താക്കളെ തദ്ദേശ സ്ഥാപന സമിതികൾ തെരഞ്ഞെടുക്കേണ്ടത്. ഗ്രൂപ്പ് എ

മുതൽ ഡി വരെയുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കു തന്നെ ഫണ്ട് അനുവദിക്കാൻ ജില്ലാ ആഫീസറോട് ആവശ്യപ്പെടാവുന്നതാണ്, 'ഇ' ഗ്രൂപ്പിൽ വരുന്ന അപേക്ഷകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാർച്ച് മാസത്തിൽ അനുവദിക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുത്ത് അംഗീകരിക്കുന്ന അപേക്ഷകൾക്ക് ജില്ലാ പട്ടികജാതി വികസന ആഫീസർ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുക അനുവദിക്കേണ്ടാതാണ്

***(ബി) ചികിത്സയ്ക്ക് ധനസഹായം (പ്ലാൻ)***

(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

ക്ഷയം, കുഷ്ഠം, അർബുദം, ഗുരുതരമായ മറ്റു രോഗങ്ങൾ എന്നിവ ബാധിച്ച് നീണ്ടു നിൽക്കുന്ന ചികിത്സ ആവശ്യമായി വരുന്ന പട്ടികജാതിയിൽപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. വാർഷിക വരുമാനം 8,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഇതിനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുണ്ട്. നിശ്ചിത ഫാറത്തിൽ ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ രോഗവിവരവും ചികിത്സയുടെ വിവരവും ചികിത്സക്കു വേണ്ടി വരുന്ന തുകയുടെ വിവരവും സംബന്ധിച്ച് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അതാതു ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ധനസഹായം അർഹതപ്പെട്ട കേസുകളിൽ അപേക്ഷകൾ ലഭിച്ച തീയതിയനുസരിച്ചുള്ള മുൻഗണന പ്രകാരം ആഫീസറോട് ആവശ്യപ്പെടാവുന്നതാണ്. അപേക്ഷകർക്ക് അനുവദിക്കാവുന്ന ഫണ്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ഗുണഭോക്താവിന് വിതരണം ചെയ്യേണ്ടതാണ്.